

# സമഗ്ര വിദ്യാലയ വികസനരേഖ

# എസ്.ഡി.വി.ഗേൾസ് ഹൈസ്കൂൾ

# ആലപ്പുഴ

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്ന വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെ സാധൂകരിക്കാനായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നു.വിദ്യാലയങ്ങളിൽ ഓരോ കുട്ടിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്താൻ ആവശ്യമായ പ്രവർത്തനങ്ങളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ അക്കാദമിക വർഷം സ്കൂളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൂതനവും പ്രയോജനകരവുമായ ഒട്ടേറെ കാര്യങ്ങൾ ഈ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അധ്യാപകർ, വിദ്യാർത്ഥികൾ ജനപ്രതിനിധികൾ,പിടിഎ അംഗങ്ങൾ തുടങ്ങി,സ്കൂളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവരേയും സഹകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഈ വർഷം നടത്തപ്പെടുന്നു. കുട്ടികൾക്ക് ഏറ്റവും പ്രയോജനകരമായ ഒന്നായി ഈ മാസ്റ്റർ പ്ലാൻ മാറുമെന്ന് പ്രതീക്ഷിക്കുന്നു.

# ചരിത്രം

പ്രൗഢഗംഭീരവും ത്യാഗോജ്ജ്വലവുമായ ഒരു വലിയ പാരമ്പര്യം അവകാശപ്പെട്ടതാണ് സനാതന ധർമ്മ വിദ്യാശാല കേരളത്തിലെ വിദ്യാലയ മുത്തശ്ശികളിൽ പ്രഥമഗണനനീയയാണ്.1905 ജനുവരി 18ന് സമുന്നതരും സാമൂഹികമായ മാറ്റങ്ങൾക്ക് ക്ഷമത ഉള്ളവരുമായ ഒരു കൂട്ടം ആദർശ ശാലികളായ പൗരപ്രമുഖൻമാരുടെ ദീർഘവീക്ഷണത്തിന്റെ ഫലമായാണ് ഈ വിദ്യാലയം പിറവിയെടുത്തത്."റാവു ബഹദൂർ കൃഷ്ണഅയ്യങ്കാർ,ഡോ.വെങ്കിട്ടരാമനായിഡു എന്നീ കർമ്മകുശലരായ ധീഷണാശ്ശാലികളുടെ നേതൃത്വത്തിൽ 1905 ജനുവരി 18 ന് സനാതന ധർമ്മ വിദ്യാശാല പിറവിയെടുത്തു. തിയോസഫിക്കൽ സൊസൈറ്റി ഓഫ് ഇൻഡ്യയുടെ നെടുംതൂണായ ഡോ.ആനീബസന്റിന്റെ ഉപദേശങ്ങളാണ് ഈ വിദ്യാലയത്തിന്റെ ഉദ്ഭവത്തിന് ആധാരം.വിദ്യാഭ്യാസം സർവ്വർക്കുമെന്ന ആദർശം മുൻനിർത്തി ഈ വിദ്യാശാലയുടെ വാതിലുകൾ സമൂഹത്തിലെ എല്ലാവർക്കുമായി തുറന്നുകൊടുക്കപ്പെട്ടു. സർവ്വശ്രീ പാർത്ഥസാരഥി അയ്യങ്കാർ, ശ്രീ.സുന്ദരരാജ നായിഡു എന്നീ മഹാരഥികളുടെ നേതൃത്വത്തിൽ ഈ വിദ്യാശാല പടർന്നു പന്തലിച്ചു.1967-ൽ കുട്ടികൾ വർദ്ധിച്ചുവന്ന സാഹചര്യത്തിൽ വിദ്യാശാലയെ ഗേൾസ്കൂൾ,ബോയ്സ്കൂൾ എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടു.

അധ്യാപകരുടെ മഹത്വമറിഞ്ഞ മഹാത്മാക്കളുടെ സേവനം ലഭിക്കുന്ന കാര്യത്തിൽ ഈ വിദ്യാലയം അത്യന്തം ഭാഗ്യവതിയാണ്. ശ്രീ.ധർമ്മരാജ അയ്യങ്കാർ,അധ്യാപക മഹർഷിയായ മഞ്ചേരി രാമകൃഷ്ണ അയ്യർ,വി.എസ്.താണു അയ്യങ്കാർ എന്നിങ്ങനെ മഹാൻമാരായ ഒത്തിരി അധ്യാപകശ്രേഷ്ഠരുടെ സേവനം ലഭിച്ച വിദ്യാശാലയാണ് ഇത്.

പ്രഗൽഭരായ അനേകം ശിഷ്യഗണങ്ങളെ സംഭാവനചെയ്യാൻ ഈ വിദ്യാശാലയ്ക്ക് ആയിട്ടുണ്ട്. ആലപ്പുഴ മണ്ഡലത്തിലെ ആദ്യ ഹൈ-ടെക് വിദ്യാലയം എന്ന ഖ്യാതി ഈ വിദ്യാലയത്തിനു സ്വന്തമാണ്.എസ്.ഡി.വി.ട്രസ്റ്റിന്റെ കീഴിലുള്ള ഈ വിദ്യാലയത്തിന് എല്ലാപിന്തുണയും നൽകിക്കൊണ്ട് മാനേജ്മെന്റ് കൂടെയുണ്ട്.മാനേജർ ശ്രീ.പ്രൊഫ.രാമാനന്ദ് സ്കൂളിന്റെ എല്ലാകാര്യങ്ങളിലും നേതൃത്വം നൽകുന്നു.ഈ സ്കൂളിന്റെ 18-മത് പ്രധാനാദ്ധ്യാപികയായ ശ്രീമതി റ്റി.എം.ബിന്ദു സ്കൂളിനെ ഔന്നത്യത്തിൽ എത്തിക്കാൻ നിതാന്ത പരിശ്രമത്തിലാണ്.

| കാലയളവ് | പ്രവർത്തനങ്ങൾ | ചുമതലക്കാർ |
|---|---|---|
| ജൂൺ | ♦പ്രവേശനോത്സവം വിപുലമായ പരിപാടികളോടെ നടത്തപ്പെടുന്നു. | പി.റ്റി.എ അംഗങ്ങൾ,<br>അധ്യാപക -അനധ്യാപകർ |
| | ♦മുനിസിപ്പാലിറ്റി പിടിഎ പ്രതിനിധികൾ എന്നിവരുടെയെല്ലാം സഹകരണത്തോടെ കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉൾപ്പെടെ നടത്തി കൃത്യമായ ആസൂത്രണത്തോടെ നടത്തപ്പെടുന്നു. | |
| | ♦ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾക്ക് തുടക്കമിടുന്നു. എല്ലാ ക്ലാസുകളിലും അധ്യാപകർ ബോധവത്ക്കരണ ക്ലാസുകൾനടത്തുന്നതിനൊപ്പം എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ കുട്ടികൾക്ക് ക്ലാസുകൾ സംഘടിപ്പിക്കുന്നു. | വിമുക്തി ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്ബ് |
| | ♦എസ്.ആർ.ജി മീറ്റംഗ് നടത്തി എല്ലാ ക്ലാസിലെയും ക്ലാസ് പിടിഎ സംഘടിപ്പിക്കുവാനും പാഠഭാഗങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനും തീരുമാനിക്കുന്നു. | എസ്.ആർ.ജി |
| | ♦പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിക്കുന്നു.പരിസ്ഥിതി പ്രവർത്തകരുടെ ക്ലാസുകൾ കുട്ടികൾക്കായി പോസ്റ്റർ നിർമാണം,ക്വിസ്, ചിത്രരചന സെമിനാർ.......<br>അനുബന്ധിച്ച് പ്രബന്ധാവതരണം നടത്തുന്നു. | ഇക്കോ ക്ലബ്ബ്,സീഡ് ക്ലബ്ബ് |
| | ♦വായനാദിനം വിപുലമായ പരിപാടികളോടെ നടത്തപ്പെടുന്നു.പ്രസംഗം മത്സരം, ക്വിസ്,കവിതാലാപനം,പുസ്തക നിരൂപണം തുടങ്ങിയവയിൽ മത്സരങ്ങൾ നടത്തപ്പെടുന്നു. | വിദ്യാരംഗം<br>കലാസാഹിത്യവേദി |
| | ♦സമുദ്രദിനത്തോടനുബന്ധിച്ച് പ്രബന്ധാവതരണം നടത്തുന്നു. | |
| | ♦രക്തദാന ദിനവുമായി ബന്ധപ്പെട്ട് രക്തദാനത്തിന്റെ പ്രാധാന്യത്തെപ്പറ്റി കുട്ടികൾക്ക് ക്ലാസുകൾ സംഘടിപ്പിക്കുന്നു.കുട്ടികളുടെ ബ്ലഡ് ഗ്രൂപ്പ് അറിയാൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. | ഹെൽത്ത് ക്ലബ്ബ് |
| | ♦ട്രാഫിക് നിയമങ്ങൾ,വ്യക്തിശുചിത്വം,<br>പരിസരശുചിത്വം,ആരോഗ്യം,വ്യായാമം,കായികക്ഷമത,പൊതുമുതൽ സംരക്ഷണം,റാഗിംങ്ങ്,വൈകാരിക നിയന്ത്രണം തുടങ്ങിയ വിഷയാധിഷ്ടിത ക്ലാസുകൾ 1 മണിക്കൂർ വീതം ജൂൺ 2 മുതൽ നടത്താനുള്ള ആസൂത്രണങ്ങൾ | |
| | ♦അന്താരാഷ്ട്ര യോഗദിനത്തോട് അനുബന്ധിച്ച് കുട്ടികൾക്ക് ലളിതമായ യോഗാസനമുറകളിൽ ക്ലാസുകൾ നടത്തുന്നു. | |
| | ♦മലയാളം,ഇംഗ്ലീഷ്,ഹിന്ദി ഭാഷകൾ കുട്ടികൾക്ക് അനായാസമായി വായിക്കാനും എഴുതാനും ആവ | മലയാളം,ഇംഗ്ലീഷ്,<br>ഹിന്ദി ഭാഷാക്ലബ്ബുകൾ |

| കാലയളവ് | പ്രവർത്തനങ്ങൾ | ചുമതലക്കാർ |
|---|---|---|
| | ശ്യമായ പരിശീലനം നൽകാൻ തീരുമാനിച്ച് ക്ലാസുകൾ നടത്തപ്പെടുന്നു. | |
| | ♦ലോകലഹരി വിരുദ്ധ ദിനത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും കുട്ടികൾക്ക് ലഹരി വിരുദ്ധ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. | വിമുക്തി ക്ലബ്ബ് |
| | ♦സ്കൂൾ റേഡിയോ 'ശബ്ദസഞ്ചാരിആരംഭിക്കുന്നു.<br>♦പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ എസ്.ആർ.ജി.കണ്ടെത്താനുള്ള നടപടികൾക്ക് തുടക്കമിടുന്നു.<br>♦"മികവിലേക്ക് ഒരു ചുവട് "എന്ന പദ്ധതിയുടെ തുടക്കങ്ങൾ | ക്ലബ്ബിന്റെ ഉൽഘാടനം, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ,തുടങ്ങിയവ ആരംഭിക്കുന്നതിനുവേണ്ട ആസൂത്രണങ്ങൾ |
| | ♦ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ സ്കൂൾ ക്യാമ്പിലെ പലയിടങ്ങളിലായി സ്ഥാപിക്കുന്നു. | SPC<br>JRC |
| | ♦പിരിയോഡിക് ചാർട്ട് നിർമ്മാണവും പ്രദർശനവും സംഘടിപ്പിക്കുന്നു.കൂടാതെ ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടാൻ കുട്ടികൾക്ക് പ്രചോദനം നൽകുന്ന ക്ലാസുകൾ സംഘടിപ്പിക്കുന്നു. | സയൻസ് ക്ലബ്ബ് |
| | ♦ചാന്ദ്രദിനാചരണത്തോട് അനുബന്ധിച്ച് വിദഗ്ദ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു.ക്വിസ്,പോസ്റ്റർ നിർമ്മാണം എന്നിവയിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | സയൻസ്,സോഷ്യൽ സയൻസ് ക്ലബ്ബുകൾ |
| ജൂലൈ | ♦പ്രകൃതി സംരക്ഷണദിനവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.സ്കൂൾ പരിസരത്ത് വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നു.പ്രകൃതി സംരക്ഷണ പ്രതിജ്ഞ എടുക്കുന്നു. | ഇക്കോക്ലബ്ബ്,സീഡ്ക്ലബ്ബ് |
| | ♦ട്രാഫിക് നിയമ ബോധവൽക്കരണവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ക്ലാസുകൾ നൽകുന്നു. | സുരക്ഷാക്ലബ്ബ് |
| | ♦കുട്ടികൾ ഉച്ചഭക്ഷണം പാഴാക്കാതിരിക്കാനും ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിയാതിരിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നു.അതിനായി വോളണ്ടിയർമാരെ നിയമിക്കുന്നു. | സോഷ്യൽ സയൻസ്ക്ലബ്ബ് |
| ആഗസ്റ്റ് | ♦ഹിരോഷിമ,നാഗാസാക്കി ദിനങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക അസംബ്ലി സംഘടിപ്പിക്കുന്നു. യുദ്ധവിരുദ്ധ പ്രതിജ്ഞ എടുക്കുന്നു.യുദ്ധവിരുദ്ധ റാലി സംഘടിപ്പിക്കുന്നു.ഉപന്യാസ രചന, പ്രസംഗ മത്സരം തുടങ്ങിയവ സംഘടിപ്പിക്കുന്നു. | |
| | ♦പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി പ്രത്യേക ക്ലാസുകൾക്ക് തുടക്കമിടുന്നു. | എസ്.ആർ.ജി |
| | ♦ലോക അവയവദാനവുമായിബന്ധപ്പെട്ട ക്ലാസു | |

| കാലയളവ് | പ്രവർത്തനങ്ങൾ | ചുമതലക്കാർ |
| --- | --- | --- |
| | കൾ കുട്ടികൾക്ക് നൽകുകയും അവയവദാനത്തിന്റെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. | സയൻസ് ക്ലബ്ബ് |
| | ♦ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട് സെമിനാർ മത്സരം സംഘടിപ്പിക്കുന്നു. | ഗണിത ക്ലബ്ബ് |
| | ♦ഇംഗ്ലീഷ് അസംബ്ലി ഹിന്ദി അസംബ്ലി എന്നിവ സംഘടിപ്പിക്കുന്നു. | ഇംഗ്ലീഷ്,ഹിന്ദി ക്ലബ്ബുകൾ |
| | ♦കർഷകദിനവുമായി പ്രാദേശിക കർഷകനെ ആദരിക്കുന്നു.... കൃഷിക്ക് തുടക്കമിടുന്നു. | സീഡ് ക്ലബ്ബ് |
| | ♦ഒന്നാം ടേം പരീക്ഷയുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ കൃത്യമായി പഠിപ്പിച്ചുതീർക്കാനും കുട്ടികൾക്ക് പരീക്ഷാപരിശീലനം നൽകാനും തീരുമാനിക്കുന്നു. | എസ്.ആർ.ജി |
| | ♦.....സമുചിതമായി ആഘോഷിക്കുന്നു. | പി.റ്റി.എ സ്റ്റാഫ് |
| | ♦ഓസോൺ ദിനവുമായി ബന്ധപ്പെട്ട് പ്രബന്ധാവരണം ചർച്ച എന്നിവ സംഘടിപ്പിക്കുന്നു.ഓസോൺ റാലി നടത്തുന്നു. | സയൻസ് ക്ലബ്ബ്,<br>സോഷ്യൽ സയൻസ് ക്ലബ്ബ് |
| സെപ്റ്റംബർ | ♦..പരീക്ഷകൾ കുറ്റമറ്റ രീതിയിൽ നടത്തുകയും ഉത്തരകടലാസുകൽ മൂല്യനിർണയം നടത്തുകയും ക്ലാസ് പിടിഎ മീറ്റിംഗുകൾ സംബന്ധിച്ച് കുട്ടികളുടെ പഠന നിലവാരം അവലോകനം ചെയ്യുന്നു. | എസ്.ആർ.ജി |
| | ♦എൻ.എം.എം.എസ്,യു.എസ്.എസ്.പരീക്ഷാ പരിശീലനത്തിന് തുടക്കമിടുന്നു.എല്ലാദിവസവും വൈകുന്നേരം ഒരു മണിക്കൂർ പരിശീലനത്തിനായി മാറ്റിവെയ്ക്കാൻ തീരുമാനിക്കുന്നു. | എസ്.ആർ.ജി |
| ഒക്ടോബർ | ♦ലോക വൃദ്ധദിനവുമായി ബന്ധപ്പെട്ട് മുതിർന്ന പൗരൻമാരെ ആദരിക്കുന്ന ചടങ്ങ് സംഘടിപ്പിക്കാൻ( കുട്ടികളുടെ അപ്പൂപ്പൻമാർ,അമ്മൂമ്മമാർ)തുടങ്ങിയവരെ | PTA,<br>MPTA<br>സഹകരണത്തോടെ<br>SS ക്ലബ്ബ് |
| | ♦എസ്.ആർ.ജി. മീറ്റിംഗ്(ഒക്ടോബർ 4)<br>ലഹരി ഉപയോഗംമൂലം ഉണ്ടാകുന്ന രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയ നോട്ടീസുകളുടെവിതരണം,സമ്പൂർണ്ണലഹരി വിമുക്തി വിദ്യാലയംപ്രഖ്യാപിക്കൽ തുടങ്ങിയവ | വിമുക്തി ക്ലബ്ബ്<br>സീഡ് ക്ലബ്ബ് |
| | ♦ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട് സേവനവാരം (Poster,Tabloo,Quiz,Essay Writting) തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ | SS ക്ലബ്ബ് |
| | ♦വാങ്മയം,സംസ്ഥാനതല പരീക്ഷയ്ക്കാവശ്യമായ മുന്നൊരുക്കങ്ങൾ | വിദ്യാരംഗം കലാവേദി |
| | ♦ലോകതപാൽ ദിനവുമായി ബന്ധപ്പെട്ട് എല്ലാവരും കത്തെഴുതുക.എന്ന പരിപാടി എല്ലാ ക്ലാസ്സുകളിലും സംഘടിപ്പിക്കൽ ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം | എല്ലാ ക്ലാസ് ടീച്ചേഴ്സും<br>മുൻകൈയ്യെടുത്ത്<br>സംഘടിപ്പിക്കുന്നു. |

| കാലയളവ് | പ്രവർത്തനങ്ങൾ | ചുമതലക്കാർ |
| --- | --- | --- |
| നവംബർ<br><br>ഡിസംബർ | വർദ്ധിപ്പിക്കാൻ ആക്ടിവിറ്റി അധിഷ്ഠിതമായ ക്ലാസുകൾ സംഘടിപ്പിക്കാം.<br>♦കേരളസ്കൂൾ കലോത്സവം,സബ്ജില്ലാതലം<br>♦കേരളസ്കൂൾ ശാസ്ത്രോത്സവം,<br>(ഉപജില്ലാതലം)<br>സയൻസ് ഡ്രാമ കോമ്പറ്റീഷൻ,<br>(ഉപജില്ലാതലം)സയൻസ് ടാലന്റ്<br>സേർച്ച് എന്നിവയ്ക്കായുള്ള മുന്നൊരുക്കങ്ങൾ<br>സംസ്കൃതദിനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>♦കായികദിനാഘോഷം,സ്കൂൾ കായികമേള,<br>എന്നിവയ്ക്കുള്ള മുന്നൊരുക്കങ്ങൾ<br>♦കേരള സ്കൂൾ കലോത്സവം(ജില്ലാതലം)സ്പെഷ്യൽ സ്കൂൾ കലോത്സവം(സംസ്ഥാനതലം) എന്നിവയ്ക്കുള്ള മുന്നൊരുക്കങ്ങളും,<br>♦ശാസ്ത്രോത്സവം,സെമിനാർ/ഫെയർ തുടങ്ങിയ മത്സരങ്ങൾ സംസ്ഥാനതലത്തിൽ പങ്കെടുപ്പിക്കുന്നതിനുവേണ്ടി കുട്ടികളെ പരിശീലിപ്പിക്കുന്നു.<br>♦ലഹരിവിരുദ്ധ പ്രചരണ പരിപാടികളുടെ തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>♦ഇന്ത്യൻ ഭരണഘടനയുടെ'ആമുഖം'എല്ലാകുട്ടികളിലും എത്തിക്കാനുള്ള പ്രവർത്തനം സംഘടിപ്പിക്കുന്നു.<br>♦കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകളുടെ തുടർച്ചയായുള്ള ക്ലാസുകൾ<br>ജില്ലാതല സർഗ്ഗോത്സവം,<br>വാങ്മയം - ഭാഷാപരിശീലനം<br>Communicative English,ക്ലാസുകളുടെ<br>തുടർ പ്രവർത്തനങ്ങൾ,സ്കൂൾ<br>വിനോദയാത്ര<br>♦ലഹരിവിരുദ്ധ പ്രചാരണ പരിപാടികളുടെ തുടർ പ്രവർത്തനങ്ങൾ 'തെളിവാനം വരയ്ക്കുന്നവർ'എന്ന പുസ്തകത്തെ അടിസ്ഥാനമാക്കി സ്കൂൾതലത്തിൽ ക്വിസ്/സംവാദം/പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ,സംസ്കൃതപഠനയാത്ര<br>♦ Maths Talent Search,(സംസ്ഥാനതലം)<br>Talent Search Social Science)(സംസ്ഥാനതലം)<br>എന്നിവയ്ക്കാവശ്യമായ മുന്നൊരുക്കങ്ങൾ രണ്ടാം പാദവാർഷിക പരീക്ഷയും മൂല്യനിർണ്ണയവും<br>എസ്.ആർ.ജി.മീറ്റിംഗ്(ജനുവരി 3)പാദവാർഷിക പരീക്ഷയുടെ മൂല്യനിർണ്ണയത്തിനുശേഷം | ആർട്സ് ക്ലബ്ബ്<br>ശാസ്ത്ര ക്ലബ്ബ്<br>SKT CLUB<br>Physical education Club<br>Arts Club<br>Science Club<br>വിമുക്തി ക്ലബ്ബ്<br>SS Club<br>English Club<br>വിദ്യാരംഗം ക്ലബ്ബ്<br>English Club<br>SKT Club<br>Maths Club |

| കാലയളവ് | പ്രവർത്തനങ്ങൾ | ചുമതലക്കാർ |
|---|---|---|
| | വ്യായാമം,കായികപ്രവർത്തനം എന്നിവയുടെ പ്രാധാന്യം ഉൾക്കൊണ്ടുള്ള പ്രചരണ റാലികൾ സംഘടിപ്പിക്കുന്നു. | IT ഡ്യൂട്ടിയുള്ള ടീച്ചേഴ്സ് |
| ജനുവരി | ♦ ജനുവരി രണ്ടാംവാരം (ITM..Exam)<br>കേരള സ്കൂൾ കലോത്സവം (സംസ്ഥാനതലം) മുന്നൊരുക്കങ്ങൾ<br>♦സംസ്കൃത വിഭാഗം സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷ(എച്ച്.എസ്.വിഭാഗം) മുന്നൊരുക്കങ്ങൾ<br>♦സതേൺ ഇൻഡ്യാ സയൻസ് ഫെയർ സ്കൂൾതലം മുന്നൊരുക്കങ്ങൾ<br>♦ SRG meeting(Jan.23)<br>♦ ലോക ഹിന്ദി ദിനാഘോഷങ്ങൾ | ഹിന്ദി ക്ലബ്ബ് |
| ഫെബ്രുവരി | ♦ "പഠനോത്സവം" സംഘടിപ്പിക്കൽ,മാഗസിനുകൾ, ചാർട്ടുകൾ,ചിത്രങ്ങൾ,English Drama,Poem Writting<br>♦ ദേശീയ ശാസ്ത്രദിനത്തിൽ പ്രഭാ,ണം/സെമിനാർ ഹരിതവിദ്യാലയം സംഘടിപ്പിക്കൽ(പ്രോട്ടോകോൾ ഉറപ്പുവരുത്താൻ) | വിവിധ ക്ലബ്ബുകൾ<br><br>സീഡ് ക്ലബ്ബ്<br>PTA<br>MPTA |
| മാർച്ച് | ♦ എസ്.എസ്.എൽ.സി പരീക്ഷാനടത്തിപ്പ് 5 മുതൽ 9 വരെയുള്ള ക്ലാസ്സുകൾക്ക് വാർഷികപരീക്ഷ നടത്തിപ്പ് | |

# Academic Master Plan - UP Science

| ലക്ഷ്യം | പ്രവർത്തനങ്ങൾലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)ജീവിത സാഹചര്യങ്ങ ളിൽനിന്നും ചുറ്റുപാടുക ളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>പരീക്ഷണക്കളരി</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളി ലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭി ക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| 2) ശാസ്ത്ര രംഗത്തെ നൂതന ആശ യങ്ങൾ ആധു നിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകളു മായി ബന്ധ പ്പെടുത്തി ശാസ്ത്ര പഠ നത്തിനായി പ്രയോജനപ്പെ ടുത്തുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളി ലേക്ക് എത്തിക്കുന്നു.പുതിയ കണ്ടെ ത്തലുകൾ ,ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവ ചരിത്ര ങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

# U.P.ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)ഗണിതത്തിലെ അടിസ്ഥാന ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഗണിത ശിൽപ്പശാല<br>അടിസ്ഥാന ഗണിത ക്രിയകൾ അറിയാത്ത കുട്ടികളെ കണ്ടെത്തി അത്തരം കുട്ടികൾക്ക് ഗണിതക്രിയകൾ ഉറപ്പിക്കുന്നു. | ജൂൺ ആഗസ്റ്റ് | ഗണിത അധ്യാപകർ | |
| 2) തനിക്ക് ചുറ്റുമുള്ള ഗണിതരൂപങ്ങൾ കണ്ടെത്താനും മനസിലാക്കാനും സാധിക്കുന്നു. | സ്കൂളിന്റെ മുൻവശത്തുള്ള വരാന്തയിലെ ഗണിതരൂപങ്ങളും ഗണിത കൗതുകങ്ങളും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | ജൂലൈ | ഗണിത അധ്യാപകർ | |
| 3)ഗണിതമേള ഗണിതമേളയുമായി ബന്ധപ്പെട്ട് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നു. | ഗണിതമേള<br>ഗണിതമേളയുമായി ബന്ധപ്പെട്ട് വിവിധ ഇനങ്ങളിൽ ഗണിത ക്ലബ്ബിലെ കുട്ടികൾക്കായി ക്ലാസ് എടുക്കുന്നു.തുടർന്ന് സ്കൂൾ തല ഗണിതമേള സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ ഒക്ടോബർ | ഗണിത അധ്യാപകർ | |
| 4)ഗണിതമേഘലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | ഗണിതം മധുരം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഗണിതത്തിൽ താൽപ്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യംചെയ്യുന്നു. | വർഷത്തിൽ മുന്നോ നാലോ തവണ | ഗണിത അധ്യാപകർ | PTA |
| 5)ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി മറ്റ് കുട്ടികളും (ഗണിതത്തിൽ മിടുക്കൻമാരായ)ചേർന്ന് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നു. | മാസത്തിൽ ഒരു തവണ | ഗണിത ക്ലബ്ബ് | |
| 6) വിവധ ശേഷികളുടെ വികസനം. | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണവുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തുന്നു. | രണ്ട് ആഴ്ചയിൽ ഒരു തവണ | SRG | |

## മേഖല യു.പി.മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ജൂൺമാസം | മലയാളം അധ്യാപകൻ | |
| | ഭാഷാകേളി : അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി,ആസ്വാദനംഎന്നിവ വളർത്തുന്നു. | ജൂൺമാസം | മലയാളം അധ്യാപകൻ | |
| | വാക്കുകളിൽനിന്നും വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺമാസം | മലയാളം അധ്യാപകൻ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | വാർത്താലോകത്തേക്ക് പത്രം,ആഴ്ചപതിപ്പ്,മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയുംപ്രതികരണങ്ങൾ ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകൻ | |
| | വാർത്താവായന അതാത് മാസത്തെ പ്രധാന സംഭവങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ 3 പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3)സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക. | സംവാദം/മുഖാമുഖം സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖസംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | ഹെഡ് മിസ്ട്രസ്, മലയാളം അധ്യാപകൻ | പി.ടി.എ |
| 4)മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കൽ, സർഗ്ഗാത്മകശേഷി വളർത്തൽ | ഇ-കമ്പ്യൂട്ടറിംഗ് മുഴുവൻ കുട്ടികളുടെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട്വർഷം | മലയാളം, ഐ.ടി. അധ്യാപകൻ | മലയാളം ക്ലബ്ബ് |
| | മുഴുവൻ കുട്ടികളുടെയും സർഗാത്മകരചനകൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള സ്കൂൾ മാഗസീൻ. | വർഷാവസാനം | മലയാളം അധ്യാപകൻ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾ : എസ്.ഡി.വി.ജി.എച്ച്.എസ്,ആലപ്പുഴ

ക്ലാസ് : എച്ച്.എസ്.വിഭാഗം

വിഷയം : ബയോളജി

ടീച്ചറുടെ പേര് : കെ.സി.സ്നേഹശ്രീ.

**ആമുഖം**

എസ്.ഡി.വി.ജി.എച്ച്.എസ്,ആലപ്പുഴയിൽ 2024-25 സാധ്യായ വർഷം..........കുട്ടികൾ എച്ച്.എസ്.വിഭാഗത്തിൽ പഠിക്കുന്നു.എല്ലാ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിത പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്രഗുണമേന്മാ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

**വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം**

♦കുട്ടികളുടെ പഠനനിലവാരം ഉയരും

♦സ്വായത്തമാക്കിയ കഴിവുകൾ പൊതുവേദിയിൽ പ്രദർശിപ്പിക്കുവാൻ സാധിക്കും

♦കുട്ടികൾക്ക് പഠനത്തോട് ആഭിമുഖ്യം വർദ്ധിക്കും

♦സ്കൂൾ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി

ക്ലാസ് ♦ PTA കൾ ശക്തിപ്പെടുത്തും

♦സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭിക്കും.

# പ്രവർത്തന കലണ്ടർ

| Sl. No. | പരിപാടിയുടെ പേര് | നിർവഹണകാലം | ചുമതല |
|---|---|---|---|
| 1. | ലഘുപരീക്ഷണ,മോഡലുകൾ എന്നിവ നിർമിക്കാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ടീച്ചർ |
| 2. | ലഘു പ്രോജക്ട് അവതരണം | ജൂലൈ | ടീച്ചർ/കുട്ടികൾ |
| 3. | സെമിനാർ പേപ്പറുകൾ അവതരണം | ആഗസ്റ്റ് | ടീച്ചർ/കുട്ടികൾ |
| 4. | സയൻസ് ലാബ് ആധുനികവത്കരണം | ജൂൺ | സ്കൂൾ മാനേജർ HM/PTA |
| 5. | കുട്ടികളുടെ ആരോഗ്യരേഖ തയാറാക്കൽ | ജൂലൈ | ടീച്ചർ |
| 6. | ക്വിസ് മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു | ജൂൺ മുതൽ | ടീച്ചർ/കുട്ടികൾ |
| 7. | ശാസ്ത്രകാന്മാരുമായി സംവദിക്കൽ | ഒക്ടോബർ | ക്ലാസ്ടീച്ചർ |
| 8. | പച്ചക്കറിത്തോട്ടവും/ഔഷധത്തോട്ടവും നിർമാണം | ജൂൺ മുതൽ | സ്കൂൾ PTA ശാസ്ത്ര ക്ലബ്ബ് |
| 9. | ശാസ്ത്രോത്സവം | നവംബർ | ശാസ്ത്ര ക്ലബ്ബ് |
| 10. | പഠനപുരോഗതിയും ക്ലാസ് പിടിഎ ശക്തമാക്കലും | ജൂലൈ | PTA |
| 11. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി ഒരുക്കൽ | ജൂൺ മുതൽ | ക്ലാസ് ടീച്ചർ PTA/HM |
| 12. | പാഠഭാഗവുമായി ബന്ധപ്പെട്ട് നിർമിച്ച വസ്തുക്കളുടെ പ്രദർശനം | ജനുവരി | ക്ലാസ്ടീച്ചർ/ കുട്ടികൾ |
| 13. | ശാസ്ത്രമാസിക നിർമാണം | ഫെബ്രുവരി | ക്ലാസ്തലം |